കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം.പി.5 1844/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കൊല്ലം ജില്ലാ കാര്യാലയം,

തീയതി 11-3-19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊഴിലുറപ്പുപദ്ധതി - അവലോകനംആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ

പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം.പി.5 1844/18 തീയതി -11.3.19

## കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 30.09.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ- ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീ. മാത്യു റോയി കെ .പി,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2018 മുതൽ 29.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മണിലാൽ.വി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ. മനു .കെ നായർ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുബി എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബിന്ദു നായർ | ഓഡിറ്റർ |
| | ശ്രീ. രാകേഷ് എം. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | എൻ.അജയകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ബിജു.സി.നായർ | 01.04.2017 മുതൽ 31.03.201 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | എം.വിനോദ് കുമാർ | 01.04.2017മുതൽ |

| | | |
|---|---|---|
| | | 15.06.2017വരെ |
| | ജെ. രാധാകൃഷ്ണപിള്ള | 16.06.2017മുതൽ 31.3.2018വരെ |
| വെറ്റിനറി സർജൻ | ഡോ.രശ്മി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(പി എച്ച് സി) | ഡോ.ഷേർളി | 1.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സി.ഡി.മനോജ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഹരി കുമാർ നമ്പൂതിരി കെ പി | 01.04.2017 മുതൽ 31.07.2017 വരെ |
| | ഡോ. രാജശ്രീ | 01.08.2017 മുതൽ 9.08.2017 വരെ |
| | ഡോ. സോണിയ വി എസ് | 10.08.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ആർ പ്രദീപ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ജയശ്രീ.എം.എം. | 01.04.2017 മുതൽ 16.11.2017 വരെ |
| | സുജിത്ത് .എസ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| | പ്രതീഷ് സത്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| | കവിതാ ലക്ഷമി | 17.11.2017 മുതൽ 31.03.2018 വരെ |
| ഐ.സി,ഡി.എസ് സൂപ്പർ വൈസർ | സ്വപ്ന കുമാരി | 01.04.2017 മുതൽ 20.08.2017 വരെ |
| | ആഷിയോ എം ദാസ് | 21.08.2017 മുതൽ 31.03.2018 വരെ |
| അസി.എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | ബിന്ദു.ബി | 01.04.2017മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ബാബു. സി | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | വിനോദ് | 01-04-17 മുതൽ 31-03-18 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു. | 2-1 |
| 14 | ഇ-ടെണ്ടർ ഫീ ലഭിച്ചത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല. | 2-2 |
| 15 | ഡി&ഒ ലൈസൻസ്-മോട്ടോർഫീസ് ഈടാക്കിയതിൽ കുറവ്. | 2-3 |
| 16 | 2016-17 കാലയളവിലെ ലേലം ഇനങ്ങളിലെ തുക ഈടാക്കാൻ അവശേഷിക്കുന്നു. | 2-4 |
| 17 | തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു. | 2-5 |

| | | |
|---|---|---|
| 18 | തേക് തടി ലേലം ചെയ്തില്ല | 2-6 |
| | ഭാഗം 3 | |
| 19 | പഞ്ചായത്ത് ലൈബ്രറി നിലവിൽ പ്രവർത്തിക്കുന്നില്ല | 3-1 |
| 20 | റോഡ് റീടാറിങ് പ്രവർത്തികൾക്കായ് വാങ്ങിയ ബിറ്റുമിൻ ഉപോയിഗിക്കാതെ പഞ്ചായത്ത് വളപ്പിൽ സൂക്ഷിച്ചിരിക്കുന്നു. | 3-2 |
| 21 | റോഡ് റീടാറിങ്ങ് പ്രവർത്തി പൂർത്തിയാക്കാൻ കാലതാമസം നേരിട്ടതിന് പിഴ ഈടാക്കിയില്ല | 3-3 |
| 22 | കന്നുകുട്ടി പരിപാലന പദ്ധതി - ഗ്രാമസഭയിൽ വെച്ച് അംഗീകരിച്ച് നടപ്പിലാക്കിയില്ല. | 3-4 |
| 23 | നെൽ കൃഷി വികസനം ബ്ലോക്ക് വിഹിതം എഡിഎ നേരിട്ട് ചെലവഴിച്ചു | 3-5 |
| 24 | കുടിവെള്ള കിണർ പണി പൂർത്തിയാക്കിയില്ല -8500/- രൂപ തിരികെ പിടിക്കേണ്ടതാണ് | 3-6 |
| 25 | ഷീ പാഡ് - ഇൻസിനേറ്റർ പ്രവർത്തനം ആരംഭിച്ചില്ല. | 3-7 |
| 26 | ഗുണഭോക്തൃ ലിസ്റ്റുകൾക്ക് ഗ്രാമസഭയുടെ അംഗീകാരമില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-8 |
| 26 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് | 3-9 |

| | | |
|---|---|---|
| | സ്കോളർഷിപ്പ് -മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പരമാവധി തുക നൽകാവുന്ന വിധത്തിൽ വകയിരുത്തൽ ഉണ്ടാകണം. | |
| 27 | വയോജനങ്ങൾക്ക് പോഷകാഹാരം പദ്ധതി - നടത്തിപ്പിൽ അപാകം - ലക്ഷ്യം കൈവരിച്ചില്ല | 3-10 |
| 28 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണമായി ലഭ്യമാട്ടില്ല | 3-11 |
| 29 | മരുന്നുകൾ ലഭ്യമായിട്ടില്ല | 3-12 |
| 30 | കൊട്ടിയം പബ്ലിക് ലൈബ്രറി കെട്ടിടം മെയിൻ്റനൻസ്- അപാകതകൾ | 3-13 |
| 31 | തൊഴിലുറപ്പുപദ്ധതി - അവലോകനം | 3-14 |
| | ഭാഗം 4 | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് വർക്കിന് തുകയുടെ വിവരം | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 39 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 42 | ഓഡിറ്റ് സാക്ഷ്യപത്രം | 4-11 |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

28.03.2017 തീയതിയിലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 08.03.2018 തീയതിയിലെ തീരുമാനം 2(1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 19.06.18 | ഇല്ല | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 30.08.2018 & 31.08.2018 | കെ.എസ്.എ.കെ.എൽ. എം.പി.5/1645/2018 dt.01.10.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29,983,573 |
| വരവ് | 73,283,952 |
| ആകെ | 1,03,267,525 |
| ചെലവ് | 87,254,455 |
| നീക്കിയിരിപ്പ് | 16,013,070 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (ACR പ്രകാരം) | | 17528000 | 17528000 | 13418148 | 4109852 |
| വികസന ഫണ്ട്- എസ്.സി.പി. (ACR പ്രകാരം) | | 9084449 | 9084449 | 4984514 | 4099935 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 77969 | 77969 | --------- | 77969 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | | 7523000 | 7523000 | 7523000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3894000 | 3894000 | 3894000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 8344992 | 8344992 | 8318532 | 26460 |
| കെ.എൽ. എസ്. ജി.ഡി. പി (ACR പ്രകാരം) | | | 1003153 | 1003153 | 974682 | 28471 |
| സാക്ഷരത | | 9238 | 18403 | 27641 | 0 | 27641 |
| ദുരിതാ ശ്വാസനിധി | | 12645 | 569 | 13214 | 0 | 13214 |
| എം.ജി. എൻ.ആർ. ഇ.ജി. എസ് | തൊഴിലാളികളുടെ കൂലി | 0 | 24632481 | 24632481 | 24632481 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 35757 | 932416 | 968173 | 949061 | 19112 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ SSA | | 2649 | 26 | 2675 | 575 | 2100 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (MNREGS-ഇൻസെന്റീവ്) | | | 124000 | 124000 | 124000 | |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ) ബ്ലോക്ക് പഞ്ചായത്ത് (ക്യാപ്പിറ്റൽ) | 3125 | 2074325 | 2077450 | 1774325 | 303125 |
| | ജില്ലാ പഞ്ചായത്ത് | | 712500 | 712500 | 712500 | 0 |
| ബി ഫണ്ട് | | 0 | 552000 | 552000 | 552000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 11966000 | 11966000 | 11966000 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 11728861 | 19534448 | 31263309 | 16078664 | 15184645 |
| | ട്രഷറി അക്കൗണ്ട് | 18182043 | 13969365 | 32151408 | 31495537 | 655871 |
| മറ്റിനം | | 9075 | 184 | 9259 | 0    9259 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 78,713,178 | 121 | 49,151,453 | 11 | 43 | 68% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 35,757 | 932,416 | 968,173 | 949,061 | 19,112 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24,632,481 | 24,632,481 | 24,632,481 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 162,000 | 342 |
| കർഷക തൊഴിലാളി പെൻഷൻ | 1,973,400 | 178 |
| വിധവാ പെൻഷൻ | 17,332,400 | 1656 |
| വാർദ്ധക്യകാല പെൻഷൻ | 28,998,100 | 2802 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 5,360,400 | 485 |
| വിധവകളായ സ്ത്രീകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 390,000 | 13 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2018 ന് ശ്രീ.ബിജു.സി.നായർ, സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20816/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്രമക്കേടുകൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

1. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്.സി.വിഭാഗത്തിനുള്ള രണ്ട് പ്രോജക്റ്റുകൾ അസിസ്റ്റന്റ് സെക്രട്ടറിക്ക് പകരം ഹെഡ്മാസ്റ്ററാണ് നിർവ്വഹിച്ചിട്ടുള്ളത്.

2. ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

3. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എന്ട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

4. തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ. (സർക്കുലർ നം.58725/എഫ്.എം.3

/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.

5. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

6. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ചില അവസരങ്ങളിൽ കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

7. സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

8. ഡി.&ഒ.ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല..ഡി.&ഒ.ലൈസൻസ് ഫീയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. വസ്തുനികുതിയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കുന്നതിൽ കൃത്യതയില്ലായ്മ കണ്ടുവരുന്നു. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

9. വാർഷിക കണക്കുകളുടെ ഭാഗമായി തയ്യാറാക്കേണ്ട കുടിവെള്ള ടാപ്പുകൾ, തെരുവുവിളക്കുകൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

10. ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

11. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|
| | | | |
| പെർഫോമൻസ് ഓഡിറ്റ് | 12.10.2018& 15.10.2018 | 09/2018 | ലഭിച്ചിട്ടില്ല. (08/18 വരെയുള്ള റിപ്പോർട്ട് ലഭിച്ചു.) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18/09/18& 20/09/18 | 2013-14/2017-18 | ലഭിച്ചിട്ടില്ല. |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. 2017-18 AFS – ൽ RP – 38 ഹെഡിൽ തൻ വർഷത്തെ Fixed Asset ഉൾപ്പെടുത്തിയിട്ടില്ല.

2. പ്രോജക്ട് നം. 147/18, 151/18 എന്നീ പ്രോജക്ടുകൾക്ക് വേണ്ടി പാർട്ട് ബില്ലായി നൽകിയ തുകകൾ (497851, 476475) Capital Work in Progress എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. 2016-17 വർഷത്തെ Excess of Income over Expenditure ലെ നീക്കിയിരിപ്പ് തുകയായ 30850376.05 രൂപ 2017-18 വർഷത്തെ ലെഡ്ജറിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

4. സഞ്ചയയിലെ കണക്കു പ്രകാരം വസ്തു നികുതി വരവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

5. 2017-18 മാർച്ച് മാസത്തെ ജീവനക്കാരുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് തുകകൾ 6600 രൂപ ആയിരുന്നു വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ 600 രൂപ മാത്രമേ കണക്കിൽ വന്നിട്ടുള്ളൂ.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു.

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം ലഭിച്ച വിവിധ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച വന്നതുമൂലം 8264718/-രൂപയുടെ പദ്ധതിപ്പണം തൻവർഷം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| ഫണ്ടിനം | തൻ വർഷ അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം | 17,528,000 | 13,418,148 | 76.55 | 4,109,852 |
| വികസന ഫണ്ട് (എസ്.സി.പി.) | 9,084,449 | 4,984,514 | 54.86 | 4,099,935 |
| സംരക്ഷണ ഗ്രാന്റ് | 11,417,000 | 11,417,000 | 100 | -- |
| 13-)ാ ധനകാര്യ കമ്മീഷൻ | 8,344,992 | 8,318,532 | 99.68 | 26,460 |
| ലോക ബാങ്ക് സഹായം | 1,003,153 | 974,682 | 97.16 | 28,471 |
| ആകെ | 47,377,594 | 39,112,876 | 82.55 | 8,264,718 |

ഉത്പാദന മേഖലയിൽ അംഗീകാരം ലഭിച്ച തെങ്ങുകൃഷി വികസനം, പച്ചകൃഷി വികസനം, കിടാരി വളർത്തൽ, മുട്ടക്കോഴി വിതരണം എന്നിവ ഗുണഭോക്താക്കളുടെ പങ്കാളിത്തക്കുറവ് മൂലം ലക്ഷ്യം കാണാതെ പോയി. അതുപോലെ, സേവനമേഖലയിൽ വിഭാവനം ചെയ്ത വയോജനങ്ങൾക്ക് പോഷകാഹാരം എന്ന പ്രോജക്റ്റ് ആസൂത്രണത്തിലെ പിഴവ് മൂലം ഫലപ്രദമായില്ല.

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും ഉല്പാദന, സേവനമേഖലയുടെ വളർച്ചയ്ക്കും ലഭ്യമാകുമായിരുന്ന തുകയാണ് പാഴായി പോയത്. നടപ്പിൽ വരുത്തുവാൻ കഴിയുന്ന പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ കഴിയാതിരുന്നതിനാലാണ്

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വൻതുക തൻവർഷം ഉപയോഗപ്പെടുത്താൻ കഴിയാതെ പാഴായിപ്പോയത്. കൂട്ടായ പ്രവർത്തനത്തിലൂടെ പരമാവധി ധനവിനിയോഗം ഉറപ്പ് വരുത്തുന്നതിനും അധികൃതർക്കു കഴിഞ്ഞില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-2 ഇ-ടെണ്ടർ ഫീ ലഭിച്ചത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല.

ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന ടെണ്ടർ ഫീസ് സ്വീകരിക്കുന്നതിന് കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിനായി സർക്കുലർ നം. ഡി.ബി.1/79 /42/2010/CE/LSGD, തീയതി 17.8.2017 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ് . എന്നാൽ നാളിതുവരെ പ്രസ്തുത അക്കൗണ്ട് ആരംഭിച്ചിട്ടില്ല. അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തയിനത്തിൽ തൻവർഷം ലഭിച്ച ടെണ്ടർ ഫീയായ 62,400/- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ സർക്കുലർ പ്രകാരമുള്ള അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ആദ്യ മറുപടിയോടൊപ്പം തന്നെ ലഭ്യമാക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ്-മോട്ടോർഫീസ് ഈടാക്കിയതിൽ കുറവ്.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് പരിശോധനയിൽ മോട്ടോർഫീസ് ഈടാക്കിയതിൽ താഴെപ്പറയുംപ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | ഉപയോഗിച്ച മോട്ടോർ (H.P) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ശ്രീ ഷാനവാസ് എച്ച് കൊട്ടിയം | 20HP | 200 | 100 | 100 |
| 2 | ശ്രീ ഇബ്രാഹിം കുട്ടി വെളിച്ചിക്കാല | 10HP | 100 | 0 | 100 |
| 3 | ശ്രീ റ്റി ഡി മനോമോഹനൻ തഴത്തല | 7.5 HP | 100 | 0 | 100 |
| 4 | ശ്രീ എൽ സതീക്ക് ഇരവിപുരം | 99.25 HP | 1000 | 500 | 500 |
| 5 | ശ്രീ രതീഷ് ബി ആദിച്ചനല്ലൂർ | 4 HP | 50 | 0 | 50 |
| 6 | ശ്രീ അബ്ദുൾവഹാബ് മൈലക്കാട് | 3 HP | 50 | 0 | 50 |
| 7 | ശ്രീ പ്രകാശ് കൊട്ടിയം | 28 HP | 300 | 200 | 100 |
| 8 | ശ്രീ അച്ചു ആർ ചന്ദനത്തോപ്പ് | 3 HP | 50 | 0 | 50 |
| 9 | ശ്രീമതി ഏലിക്കുട്ടി വെളിച്ചിക്കാല | 10 HP | 100 | 0 | 100 |

| | | | | | |
|---|---|---|---|---|---|
| 10 | ശ്രീ മെർച്ചൽ മൈലക്കാട് | 10 HP | 100 | 0 | 100 |
| 11 | ശ്രീ കെ അസനാരുകുഞ്ഞ് ആദിച്ചനല്ലൂർ | 47 HP | 500 | 0 | 500 |
| 12 | ശ്രീ സനോഫർ കൊട്ടിയം | 3 HP | 50 | 0 | 50 |
| 13 | ശ്രീ മോഹനചന്ദ്രൻ നായർ മുണ്ടയ്ക്കൽ | 124 HP | 1300 | 0 | 1300 |
| 14 | ശ്രീ സിദ്ദിഖ് മൈലക്കാട് | 10 HP | 100 | 0 | 100 |
| 15 | ശ്രീ മുഹമ്മദ്ഖാൻ കണ്ണനല്ലൂർ | 10 HP | 100 | 0 | 100 |
| 16 | ശ്രീമതി സരസമ്മ എൻ തഴുത്തല | 8 HP | 100 | 0 | 100 |
| 17 | ശ്രീ രജനി ആർ കൈതക്കുഴി | 7 HP | 100 | 0 | 100 |
| 18 | ശ്രീ മണിയൻ ആചാരി തഴുത്തല | 3HP | 50 | 0 | 50 |
| 19 | ശ്രീ ജി രവീന്ദ്രൻ | 6 HP | 100 | 0 | 100 |

| | | | | | |
|---|---|---|---|---|---|
| | മൈലക്കാട് | | | | |
| 20 | ശ്രീ സുകന്യ ഐ കണ്ണനല്ലൂർ | 10 HP | 100 | 0 | 100 |
| 21 | ശ്രീ ജാസിം ജലീൽ മൈലക്കാട് | 15 HP | 200 | 0 | 200 |
| 22 | ശ്രീ വിക്രമൻ ആചാരി നഗരൂർ | 3 HP | 50 | 0 | 50 |
| 23 | ശ്രീമതി ഷേർളി വിക്ടർ മൈലക്കാട് | 10 HP | 100 | 0 | 100 |
| 24 | ശ്രീമതി ബെൻസിത്ത മൈലക്കാട് | 30 HP | 300 | 200 | 100 |
| 25 | ശ്രീ സദാനന്ദൻ കൊട്ടിയം | 14 HP | 200 | 100 | 100 |
| 26 | ശ്രീ ബിജി ഒ തഴുത്തല | 30 HP | 300 | 200 | 100 |
| 27 | ശ്രീ സുൽഫിക്കർ സലാം കുണ്ടുമൺ | 16 HP | 200 | 100 | 100 |
| 28 | ശ്രീ മുഹമ്മദ് ഷിഹാബ് കൊട്ടിയം | 20 HP | 200 | 150 | 50 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/27.10.2018) മേൽപരാമർശിച്ച വ്യക്തികളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന മോട്ടോർ ഫീസ് പൂർണ്ണമായും ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2-4 ലേലം ഇനങ്ങളിലെ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലേലം ഇനത്തിൽ കുടിശ്ശികയായി ആകെ 53412 രൂപ ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ലേല രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 കാലയളവിലെ തുകയാണ് നാളിതു വരെയും ഈടാക്കാതെ കുടിശ്ശികയായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമായി.ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം-1. കൊട്ടിയം പബ്ലിക് മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീസ് പിരിക്കുന്നതിനും പബ്ലിക് കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്നതിനുമുള്ള അവകാശം

1. ലേലം പിടിച്ച വ്യക്തി- ശ്രീ മെഹബൂബ്, കുറ്റിവിള മേലതിൽ ,ആദിച്ചനല്ലൂർ
   ലേലം നടന്ന തീയതി- 17.03.2016
   ലേലം ഉറപ്പിച്ച തീയതി- 22.03.2016
   ലേല തുക- 210000 രൂപ

   അടവാക്കിയ തുക- 192500 രൂപ

   അടവാക്കാൻ അവശേഷിക്കുന്ന തുക- 17500 രൂപ

ഇനം-2.കൊട്ടിയം പബ്ലിക് മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം
ലേലം പിടിച്ച വ്യക്തി- ശ്രീ സിറാജുദ്ദീൻ,
ഷാഫി മൻസിൽ, ഉമയനല്ലൂർ
ലേലം നടന്ന തീയതി- 17.03.2016
ലേലം ഉറപ്പിച്ച തീയതി- 22.03.2016

1. ലേല തുക- 101000 രൂപ

അടവാക്കിയ തുക- 92586 രൂപ

അടവാക്കാൻ അവശേഷിക്കുന്ന തുക- 8414 രൂപ

ഇനം-3. കൊട്ടിയം പബ്ലിക് മാർക്കറ്റിൽ ആട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം
ലേലം പിടിച്ച വ്യക്തി- ശ്രീ അബ്ദുൾ സമദ്,
തച്ചരു വിള, ഉമയനല്ലൂർ
ലേലം നടന്ന തീയതി- 17.03.2016
ലേലം ഉറപ്പിച്ച തീയതി- 22.03.2016

ലേല തുക- 110000 രൂപ

അടവാക്കിയ തുക- 82502 രൂപ

അവശേഷിക്കുന്ന തുക- 27498 രൂപ

മേൽപരാമർശിച്ച കുടിശ്ശിക ഈടാക്കുന്നതിന് നാളിതുവരെയായി പഞ്ചായത്ത് നിയമപ്രകാരമുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/29.10.2018) ടി വ്യക്തികളിൽ നിന്ന് കുടിശ്ശിക തുക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു.

1.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടം (കേരള പഞ്ചായത്ത് രാജ് ആക്ട് 3(2) മുതൽ (11)വരെ) പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധ വർഷവും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം വിവിധ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി

അടവാക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | 2016- 17 |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, കൊട്ടിയം | I & II |
| 2 | കെ.എസ്.ഇ.ബി, ചാത്തന്നൂർ ഡിവിഷൻ | I & II |
| 3 | കെ.എസ്.ഇ.ബി, ചാത്തന്നൂർ ഡിവിഷൻ സബ് ഓഫീസ് | I & II |
| 4 | മാവേലി സ്റ്റോർ മൈലക്കാട് | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കാനറ ബാങ്ക് കൊട്ടിയം എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2017-18 കാലയളവിലെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 തടി ലേലം ചെയ്തില്ല

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 18 -ാം വാർഡിലെ വെൺമണിച്ചിറയുടെ കരയിൽ ഉണങ്ങി അപകടഭീക്ഷണിയായി നിന്ന എകദേശം 20 വർഷം പഴക്കമുള്ള രണ്ടു ചെറു തേക്കു മരങ്ങൾ മുറിച്ചു മാറ്റിയ വകയിൽ ശ്രീ. ഷിബുവിന് ചെക്ക് നം. 56609/15.7.17 പ്രകാരം 5000/- രൂപ മുറിപ്പ് കൂലി ഇനത്തിൽ നൽകിയതായി കാണുന്നു. തടികളുടെ വിലനിർണ്ണയിച്ചു തരുന്നതിനായി 13.7.17 ൽ എ7-9313/2017 നമ്പരായി കൊല്ലം അസ്സിസ്റ്റൻഡ് ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്ത് നൽകുകയുണ്ടായി. ഇതിനെ തുടർന്ന് 18.09.17

ന് പഞ്ചായത്തിൽ വെച്ച് തടി ലേലം ചെയ്യെങ്കിലും , ലേലത്തിൽ ആരും പങ്കെടുത്തില്ല. തുടർന്ന് 15.11.17 നും ,21.2.18 നും പുനർലേലം വെച്ചെങ്കിലും വാലുവേഷൻ തുക കൂടുതൽ ആയതിനാൽ ആരും ലേലം വിളിച്ചില്ല. 15.10.18 തീയതിയിലെ 10-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം 31.10.18 ന് പുന: ലേലം വച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലേലം ചെയ്ത് വരവ് പഞ്ചായത്തുഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പഞ്ചായത്ത് ലൈബ്രറി നിലവിൽ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്ത് നിയന്ത്രണത്തിൽ രണ്ട് ലൈബ്രറി കെട്ടിടങ്ങൾ ഉണ്ടെന്നും ആയവ രണ്ടും ലൈബ്രറിയായി പ്രവർത്തിക്കുന്നില്ല എന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2017-18 വർഷം ആനുകാലികങ്ങൾ വാങ്ങിയ വകയിൽ 6845 രൂപയും ദിനപത്രങ്ങൾ വാങ്ങിയ വകയിൽ 12650 രൂപയും പുസ്തകങ്ങൾ വാങ്ങിയ വകയിൽ 101907 രൂപയും ചെലവുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ കാണുന്നുണ്ട്. ലൈബ്രറിയിലെ പുസ്തകങ്ങളുടെ സ്റ്റോക്കും മറ്റു വിവരങ്ങളും ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയിൽ നിലവിൽ ഒരു ലൈബ്രറി മാത്രമാണ് പ്രവർത്തിക്കുന്നതെന്നും ആയതിലേക്കുള്ള ആനുകാലികങ്ങളും ദിനപത്രങ്ങളും ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കുന്നുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ലൈബ്രറികൾ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടികളെടുക്കേണ്ടതും പ്രസ്തുത ലൈബ്രറികൾക്ക് ലൈബ്രറി കൗൺസിൽ അംഗത്വം എടുക്കേണ്ടതുമാണ്.

### 3-2 റോഡ് റീടാറിങ് പ്രവർത്തികൾക്കായ് വാങ്ങിയ ബിറ്റുമിൻ ഉപോയിഗിക്കാതെ പഞ്ചായത്ത് വളപ്പിൽ സൂക്ഷിച്ചിരിക്കുന്നു.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ 2016-17 വാർഷിക പദ്ധതിയിൽ ഉൽപ്പെടുത്തി മരാമത്ത് പ്രവർത്തികൾക്ക് ആവശ്യമായ 236 ബാരൽ VG-30ടാറും, 25 ബാരൽ RS1 എമൽഷനും വാങ്ങി സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്.ബിറ്റുമിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 671.90 കിഗ്രാം

ബിറ്റുമിനും, 531.697 കിലോഗ്രാം RS-1 എമൽഷനുംനീക്കിയിരിപ്പുണ്ട്. 2017-18 വർഷത്തെ മരാമത്ത് പ്രവർത്തികളിൽ ഒന്നുംതന്നെ ബിറ്റുമിനും RS-1 എമൽഷനും ഉപയോഗിച്ചിട്ടില്ല. പഞ്ചായത്ത് വളപ്പിൽ സൂക്ഷിച്ചിച്ചിട്ടുള്ള എച്ച്പിസി.എൽ-ന്റെ HincolRS-1 Emulsion -ന്റെ കാലാവധി ബാരലിൽ രേഖപെടുത്തിയിട്ടുള്ളത് ഒരു വർഷമാണ്.BPCL കൊച്ചിൻ -ൽ നിന്നാണ് എമൽഷൻ വാങ്ങിയിട്ടുള്ളത്. ഇത്തരത്തിൽ 09.05.17-ൽ BPCL കൊച്ചിൻ -ൽ നിന്നുംവാങ്ങിയ എമൽഷന്റെ കാലാവധി കഴിഞ്ഞിട്ടുള്ളതാണ്.ആയതിനാൽ നീക്കിയിരിപ്പുള്ള എമൽഷൻ ഇനിയുള്ള പ്രവർത്തികൾക്ക് ഉപയോഗിക്കുകയാണെങ്കിൽ അത് പ്രവർത്തിയുടെ ഗുണനിലവാരത്തെ ബാധിക്കുമെന്നുറപ്പാണ്. ഇതു സംബന്ധിച്ച് നൽകിയ ആഡിറ്റ് അന്വേഷണത്തിന് 2018-19 വർഷത്തെ സ്പിൽ ഓവർ പ്രവർത്തിയ്ക്കായി സ്റ്റോക്കിൽ ഉൾപ്പെട്ടിട്ടുള്ള അളവ് കുറച്ചാണ് ഇൻഡന്റ് നൽകിയതെന്ന മറുപടിയാണ് എൻജിനിയർ നല്കിയിരിക്കുന്നത്. ആയതിനാൽ 2018-19 വർഷത്തെ സ്പിൽ ഓവർ പ്രവർത്തിയ്ക്കായി നീക്കിയിരിപ്പുള്ള ബിറ്റുമിനനും, എമൽഷനും ഗുണനിലവാരം ഉറപ്പാക്കിയതിന് ശേഷം ഉപയോഗിക്കേണ്ടതാണ്. മറുപടിയോടൊപ്പം ഗുണനിലവാര പരിശോധനാ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയ്റി നം: 02/23.10.18

## 3-3 റോഡ് റീടാറിങ്ങ് പ്രവർത്തി പൂർത്തിയാക്കാൻ കാലതാമസം നേരിട്ടതിന് പിഴ ഈടാക്കിയില്ല

പ്രൊജക്റ്റ് നം :62/18

പ്രോജക്ടിന്റെ പേര് : പാലഴികത്ത് ജം. -എസ് .ആർ. ഇൻഡസ്ട്രിയൽ റോഡ് റീടാറിങ് പ്രവർത്തി

അടങ്കൽ തുക :259900/-

ചെലവ് :95747/-

ബിൽ നം..79/24.03.18

എം.ബുക്ക് നം :36/17-18

കോൺട്രാക്ടർ :ശ്രീ.കണ്ണൻ.എസ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലഴികത്ത് ജം. -എസ് .ആർ.ഇൻഡസ്ട്രിയൽ റോഡ് റീടാറിങ്ങ് എന്ന പ്രവർത്തിയ്ക്കായി മെയിന്റനൻസ് ഫണ്ടിൽ നിന്നും (റോഡ്) ബിൽനം:79/24.03.18 മുഖേനെ 95747/- രൂപ ചെലവഴിച്ചിട്ടുണ്ട്. 31.03.17-ൽ കരാർ വെച്ച് സൈറ്റ് കൈമാറിയ പ്രവർത്തി 31.07.17-ൽ പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ പ്രവർത്തി പൂർത്തിയാക്കിയത് 03.03.18-ൽ ആണ്. കേരള പൊതുമരാമത്തു മാന്വൽ (2012-ൽ പുതുക്കിയത്) ഖണ്ഡിക 2112-1 പ്രകാരം കരാറുകാരനായ ശ്രീ.കണ്ണൻ.എസ് കാലാവധിതീരുന്നതിനു മുൻപ് ദീർഘീകരണത്തിന് അപേക്ഷിക്കുകയോ ടിയാന് കാലാവധി നീട്ടി നല്കുകയോ ചെയ്തിട്ടില്ല. പ്രവർത്തി പൂർത്തീകരിക്കുന്നതിന് കാല താമസം നേരിട്ടതിന്റെ കാരണം ഫയലിൽ രേഖ പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ടി. മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽ നിന്നും കരാർ തുകയായ (പി.എ .സി.) 259900/-രൂപയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്യുഡേറ്റഡ് ഡാമേജ് ആയി ഈടാക്കേണ്ടതായിരുന്നു. എന്നാൽ എം.ബുക്കിൽ കരാറുകാരന് നൽകേണ്ട ആകെ തുകയിൽ നിന്നും പിഴ കുറയ്ക്കാതെയാണ് കരാറുകാരാന് തുക നല്കിയിട്ടുള്ളത്. താഴേ പറയുന്ന പ്രകാരം കോൺട്രാക്ടറുടെ നിന്നും പിഴ ഈടാക്കേണ്ടതാണ്.

പ്രവർത്തി പൂർത്തീകരിക്കുന്നതിന് കാല താമസം നേരിട്ട ദിവസം = 215 ദിവസം (31 ആഴ്ച )

31 ആഴ്ച x 0.1%(259900) = 8057/- രൂപ

8057/- രൂപ കരാറുക്കത്തിൽ നിന്നും ഈടാക്കി മെയിന്റനൻസ് ഫണ്ടിൽ തിരികെ ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതായി നിലനിൽക്കുന്നതാണ്.

നിരാകരിച്ച തുക : 8057/-

## 3-4 കന്നുകുട്ടി പരിപാലന പദ്ധതി - ഗ്രാമസഭയിൽ വെച്ച് അംഗീകരിച്ച് നടപ്പിലാക്കിയില്ല.

പദ്ധതി അടങ്കൽ -

വികസന ഫണ്ട് പൊതു വിഹിതം 3125000/-രൂപ

ഗുണഭോക്തൃവിഹിതം :3125000/-രൂപ

ചെലവഴിച്ചത്

വികസന ഫണ്ട് പൊതു വിഹിതം :250,000/- രൂപ

ബിൽ നം :15/22.03.18: 250,000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്ററിനറി സർജ്ജൻ

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതി പ്രോജെക്റ്റിൽ (SO102/18) 20 ഗുണഭോക്താക്കൾക്ക് വേണ്ടി 250000/-രൂപ(12500/-രൂപ വീതം) കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർ കൊട്ടിയത്തിന് നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ടി പ്രോജക്റ്റിനുള്ള ഗുണഭോക്താക്കൾ ആരും തന്നെ ഉൾപ്പെട്ടിരുന്നില്ല. 31.10.17-ലെ 1(6)-നം തീരുമാന പ്രകാരം ഗുണഭോക്താക്കളുടെ ലിസ്റ്റ് അടുത്ത ഗ്രാമസഭയിൽ സാധുകരിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടില്ല. ആയതിനാൽഅടുത്ത ഗ്രാമ സഭയിൽ തന്നെ 20 ഗുണഭോക്താക്കളുടെ ലിസ്റ്റ് സാധൂക്കരിച്ച വിവരം രേഖമൂലം ആഡിറ്റിൽ അറിയിക്കേണ്ടതാണ്. ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാകുന്നത് വരെ 250000/- രൂപ തടസപെടുത്തുന്നു.

ഓഡിറ്റ് ഇൻക്വയ്റി (no.04/24.10.18)

## 3-5 നെൽ കൃഷി വികസനം ബ്ലോക്ക് വിഹിതം എഡിഎ നേരിട്ട് ചെലവഴിച്ചു

പ്രോജെക്റ്റ് നം.SO12/18

പദ്ധതി അടങ്കൽ

വികസന ഫണ്ട് പൊതു വിഹിതം :11,15000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം :212500/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം :212500/-രൂപ

ചെലവഴിച്ചത്

വികസന ഫണ്ട് പൊതു വിഹിതം :11,14600/- രൂപ

ബിൽ നം :01/25.12.17:689600/-രൂപ

:04/17.01.18:425000/-രൂപ

ജില്ലാപഞ്ചായത്ത് വിഹിതം :212500/-ട്രഷറി ചെക്ക്നം.:2771792/22.03.18

ബ്ലോക്ക് പഞ്ചായത്ത് വിഹിതം :212500/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ: കൃഷി ഓഫീസർ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നെൽകൃഷി വികസനം എന്ന സംയുക്ത പ്രോജെക്ടിൽ (നം.SO12/18) വിത്ത്, ജൈവ വളം,കൂലി ചെലവ് എന്നിവയാണ് ഗുണഭോക്താക്കൾക്ക് നൽകിയത്. ജില്ലാ പഞ്ചായത്തും,ബ്ലോക്ക് പഞ്ചായത്തും 50% വീതം ജോലികൂലി വകയിരുത്തിയ പ്രോജെക്ടിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 212500/-രൂപ പഞ്ചായത്തു വഴി ഗുണഭോക്താക്കൾക്ക് നൽകാതെ പഞ്ചായത്തിൽ നിന്നും നൽകിയ ലിസ്റ്റ് പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ അഗ്രികൾച്ചർ നേരിട്ട് ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി തുക നൽകുകയായിരുന്നു. പഞ്ചായത്ത് നിർവ്വഹണം നടത്തേണ്ട പ്രോജെക്ടിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നേരിട്ട് ചെലവഴിച്ച നടപടി തെറ്റാണ് . നടപടി ക്രമങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയ്റി (no.07/25.10.18)

## 3-6 കുടിവെള്ള കിണർ പണി പൂർത്തിയാക്കിയില്ല **-8500/-** രൂപ തിരികെ പിടിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ :സ്പിൽ ഓവർ 07/18
നിർവ്വഹണം: വി.ഇ.ഒ.
അടങ്കൽ:161625 രൂപ (ധന കാര്യ കമ്മീഷൻ അവാർഡ് + ഗുണ: വിഹിതം )

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കുടിവെള്ള കിണർ (പൊതുവിഭാഗം) പദ്ധതിയിൽ ഗുണഭോക്താവായ ശ്രീ. ഫ്രാൻസിസ്, ഫ്രാൻസീനഭവൻ, ഒറ്റപ്ളാമൂട്; കൊട്ടിയം എന്നയാൾക്ക് ആദ്യ തവണയായി 8500/- രൂപ 13 - 3 - 17 ന് അനുവദിച്ചിരുന്നു [ബിൽനം.5/16-17 തീയതി 13. 3-17 68000/- രൂപ ] . എന്നാൽ നാളിതുവരെ കിണർ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. കിണർ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തികൾ പോലും ആരംഭിച്ചിട്ടില്ലാത്തതിനാൽ എത്രയും വേഗം കിണർ നിർമ്മാണം ആരംഭിച്ചില്ലെങ്കിൽ തുക തിരികെ ഈടാക്കുമെന്ന് 21/2/18 ൽ വി.ഇ.ഒ കത്തു മുഖേന അറിയിച്ചിട്ടുണ്ട്. ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഷീ പാഡ് - ഇൻസിനേറ്റർ പ്രവർത്തനം ആരംഭിച്ചില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ഷീപാഡ് (പദ്ധതി: നം: സ്പിൽ ഓവർ 10/2018, അടങ്കൽ- 99,999 രൂപ, (ധനകാര്യ കമ്മീഷൻ). ചെലവ്-12765രൂപ) എന്ന പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തിന്റെ മൈലക്കാട് യു.പി. സ്കൂളിൽ ഇൻസിനേറ്റർ ഉപകരണം വിതരണം നടത്തിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഓഡിറ്റ് സംഘം 26-10-18 ൽ പ്രസ്തുത സ്ഥാപനം സന്ദർശിച്ച് ഇക്കാര്യം ഉറപ്പു വരുത്തിയിട്ടുള്ളതാണ്. ഇലക്ട്രിക് ജോലികൾ പൂർത്തിയാക്കാത്തതിനാലാണ് പ്രവർത്തനം ആരംഭിക്കാത്തതെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതിയായി ഓഡിറ്റ് വർഷം 12765 രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ഇൻസിനേറ്റർ എത്രയും വേഗം പ്രവർത്തനം ആരംഭിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃ ലിസ്റ്റുകൾക്ക് ഗ്രാമസഭയുടെ അംഗീകാരമില്ല -

ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2017-18 വർഷം നടപ്പാക്കിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾക്ക് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ലായിരുന്നു.

| ക്രമനമ്പർ | പദ്ധതിയുടെ പേര് / നമ്പർ | നിർവ്വഹണം | പദ്ധതി അടങ്കൽ | ചെലവഴിച്ച തുക | ബിൽ നം. |
|---|---|---|---|---|---|
| 1 | വയോജനങ്ങൾക്ക് പോഷകാഹാരം 110/18 | ഐ.സി. ഡി.എസ്' ശ്രീമതി.ആഷിയോ എം. ദാസ് | 700000 | 75214 | 20/17-18 dt 26-03-18 |
| 2 | ഭിന്നശേഷിയുള്ള സ്കൂളിൽ പോകുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് . 80/18 | ഐ.സി. ഡി.എസ്' ശ്രീമതി.ആഷിയോ എം. ദാസ് | 800000 | 780100 | 14/17-18 dt 17-02-18 233500 18/17-18 dt 19-3-18 146600 chq 2771788 dt 12-3-18 83250 chq 2771786 dt 28-2-18 116750 chq 2648679 dt 21-3-18 200000 |
| 3 | എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ , 143/18 | ഹെഡ്മാസ്റ്റർ ശ്രീ.ബാബു.സി | 435000 | 162900 | 1/17-18 dt 12-01-18 |
| 4 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമേശയും | ഹെഡ്മാസ്റ്റർ ശ്രീ.ബാബു.സി | 500000 | 417300 | 2/17-18 dt 09-03-18 |

| | | | | | |
|---|---|---|---|---|---|
| | കസേരയും 144/18 | | | | |
| | | | ആകെ | 1,435,514 | |

ഇതിൽ ഹെഡ്മാസ്റ്റർ നടപ്പാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും പദ്ധതിയിൽ ആകെയുള്ള 150 ഗുണഭോക്താക്കളിൽ 60 പെരെ മാത്രമാണ് ഗ്രാമസഭ അംഗീകരിച്ചിട്ടുള്ളത്. ഗ്രാമസഭയുടെ അംഗീകാരമില്ലാതെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച 14,35,514 രൂപ ഗ്രാമ സഭയുടെ സാധുകരണം ലഭ്യമാക്കുന്നതു വരെ തടസ്സത്തിൽ വെയ്ക്കുന്നു '

## 3-9 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് -മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പരമാവധി തുക നൽകാവുന്ന വിധത്തിൽ വകയിരുത്തൽ ഉണ്ടാകണം.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ ഭിന്നശേഷിയുള്ള സ്കൂളിൽ പോകുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ (പദ്ധതി നം: 80/18 ) ഓഡിറ്റ് വർഷം 7, 80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽ മൊത്തമുള്ള 56 ഗുണഭോക്താക്കളിൽ 39 പേരും മാനസിക വെല്ലുവിളി നേരിടുന്നവരായിരുന്നു. 2017-18 വർഷം ഈ ഇനത്തിൽ 8,00,000 രൂപയാണ് വകയിരുത്തിയിരുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് 17000/- രൂപയിൽ പരിമിതപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് പരമാവധി തുക ലഭിക്കത്തക്കവിധത്തിൽ തുടർ വർഷങ്ങളിൽ പദ്ധതി വകയിരുത്തൽ ഉണ്ടാവേണ്ടതാണ്.

## 3-10 വയോജനങ്ങൾക്ക് പോഷകാഹാരം പദ്ധതി - നടത്തിപ്പിൽ അപാകം - ലക്ഷ്യം കൈവരിച്ചില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് പോഷകാഹാരം (പ്രോജക്ട് നം: 110/18) എന്ന പ്രോജക്ട് പ്രകാരം 2017-18 ൽ 75214 / - രൂപ ചെലവഴിച്ചിട്ടുണ്ട്.

വയോജനങ്ങൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായി വിഭാവനം ചെയ്തിരുന്ന പദ്ധതിയിൽ 7,00,000 രൂപയാണ് വകയിരുത്തിയിരുന്നത് [400000 വിക. ഫണ്ട് + 300000 തനത് ഫണ്ട് ] . എന്നാൽ 24-3-2018 ൽ പാലീയേറ്റീവ് രോഗികൾക്കായി നടന്ന കുടുംബ സംഗമത്തിൽ വയോജനങ്ങളായ കിടപ്പു രോഗികൾക്ക് പോഷകാഹാര കിറ്റ് വിതരണം ചെയ്ത് പദ്ധതി അവസാനിപ്പിച്ചു. പാലിയേറ്റീവ് പരിചരണത്തിനായി മെഡിക്കൽ ഓഫീസർ നടപ്പാക്കി വന്ന പ്രോജക്ടിൽ ഉൾപ്പെട്ട വയോജനങ്ങൾക്കാണ് കിറ്റ് വിതരണം ചെയ്തിട്ടുള്ളത്. പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്ടിൽ 2017-18 വർഷം ബ്ലോക്ക് വിഹിതമായി കിട്ടിയ 3,00,000 രൂപ ചെലവഴിക്കാതെ ശേഷിക്കുമ്പോഴാണ് മറ്റൊരു പ്രോജക്ട് വഴി കിടപ്പ് രോഗികൾക്ക് പോഷകാഹാര കിറ്റ് വിതരണം ചെയ്തത്. പോഷകാഹാരമായി അരി, പഞ്ചസാര , ശർക്കര, തേയില, ചെറുപയർ തുടങ്ങിയ പലവഞ്ജനങ്ങളാണ് വിതരണം നടത്തിയത്. മാത്രമല്ല 7,00,000 രൂപ വകയിരുത്തിയ പദ്ധതിയിൽ 75214/- രൂപ ചെലവഴിച്ചത് വഴിഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വയോജനങ്ങൾക്ക് ഒരു പ്രയോജനവും ലഭ്യമായതായി കാണുന്നില്ല. ഒരു തവണ മാത്രം പോഷകാഹാരം വിതരണം നടത്തിയതിനാൽ ആർക്കും പ്രയോജനം ലഭ്യമാകാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി ആസൂത്രണത്തിലുള്ള അപാകം മൂലം പദ്ധതി നടത്തിപ്പിമായി വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിയാതെ വരികയും ഗ്രാമ പഞ്ചായത്തിലെ വയോജനങ്ങൾക്ക് ആനുകൂല്യം ലഭ്യമാകാതെയും വന്നിരിക്കുന്നു. ഒരു പ്രോജക്ടിലെ ഗുണഭോക്താക്കളിൽ നിന്നും തെരെഞ്ഞെടുപ്പ് നടത്തി മറ്റൊരു പ്രോജക്ടിലെ ഗുണഭോക്താക്കളായി നിശ്ചയിച്ചതിലെ അപാകം സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

## 3-11 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണമായി ലഭ്യമാട്ടില്ല

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധിക്കായി ആയുർവേദ മെഡിക്കൽ ഓഫീസറെ നിർവ്വഹണോദ്യോഗസ്ഥനായി

നിശ്ചയിച്ച് മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും 1000000/-രൂപ വകയിരുത്തി (പ്രോജക്റ്റ് നം. S0087/18). ടി തുക (ബിൽ നം.3/17-18/25-9-17,500000/-രൂപ,ബിൽ നം.4/17-18 /10-10-17,500000/-രൂപ ) ഔഷധിക്ക് നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. Invoice പ്രകാരം മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടുള്ളതായി കാണുന്നു എങ്കിലും സ്റ്റോക്ക് രജിസ്റ്റർ ലഭ്യമായ മരുന്നുകളുടെ എണ്ണത്തിൽ കുറവുള്ളതായി ബോധ്യപ്പെട്ടു. ഏകദേശം 11000/- രൂപയുടെ മരുന്നുകളാണ് ലഭ്യമാക്കാനുള്ളത്.

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് സ്റ്റോക്ക് രജിസ്റ്റിൽ രേഖപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-12 <u>മരുന്നുകൾ ലഭ്യമായിട്ടില്ല</u>

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് പ്രകാരം മരുന്നുകൾ ലഭ്യമാക്കാൻ വികസന ഫണ്ടിൽ നിന്നും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയിട്ടുണ്ട്. നൽകിയ തുകയ്ക്കുള്ള മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്റ്റ് നം/ പേര് | ബിൽ നം./തീയതി | തുക | മരുന്നുകൾ ലഭ്യമാക്കിയത് | ലഭ്യമാക്കാൻ ശേഷിക്കുന്ന മരുന്നുകൾ |
|---|---|---|---|---|---|
| 1 | 74/18, വിവിധ മരുന്നും ഓക്സിജൻ സിലിണ്ടറും വാങ്ങുന്നതിന് | 3/15.11.17 | 700000 | 352921 | 347079 |
| 2 | 75/17-18, എ-സാന്ത്വന പരിചരണ രോഗികൾക്ക് | 11/22.2.18 | 196272 | 147733 | 48539 |

| | | | | | |
|---|---|---|---|---|---|
| | ഉപകരണങ്ങൾ ലഭ്യമാക്കാൻ | | | | |
| | ബി-വിവിധ തരം മരുന്നുകൾ ലഭ്യമാക്കാൻ | 5/15.11.17 | 350000 | 232711 | 117289 |
| 3 | 76/17-18, ജീവിത ശൈലി രോഗത്തിനുള്ള മരുന്ന് വാങ്ങൽ | 4/15.11.17 | 300000 | 163824 | 136176 |

അവശേഷിക്കുന്ന മരുന്നുകളും , ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-13 കൊട്ടിയം പബ്ലിക് ലൈബ്രറി കെട്ടിടം മെയിന്റനൻസ്- അപാകതകൾ

പ്രോജക്റ്റ് നം. : 51/18( സ്പിൽ ഓവർ)

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

എസ്റ്റിമേറ്റ് : 1,00,000/- രൂപ

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്

ചെലവ് : 91,889/- രൂപ

ബിൽ നം. : 4/31.7.2017

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത കൊട്ടിയം പബ്ലിക് ലൈബ്രറി കെട്ടിടം മെയിന്റനൻസ് എന്ന പ്രോജക്റ്റ് പ്രകാരം നിലവിലുള്ള കെട്ടിടത്തിൽ പെയിന്റിംഗ്, ജനലുകളും വാതിലും മാറ്റി സ്ഥാപിക്കൽ, തറ ടൈൽ പാകൽ, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി മെയിന്റനൻസ് ഫണ്ടിൽനിന്നും തൻവർഷം 91,889/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവത്തി സംബന്ധിച്ച് നടത്തിയ സ്ഥല പരിശോധനയിൽ ലൈബ്രറി പ്രവർത്തനമില്ലാതെയും കെട്ടിടത്തിന്റെ ചുറ്റുമുള്ള സ്ഥലം കാടുപിടിച്ചു കിടക്കുന്നതായുമാണ് കണ്ടത്. (ചിത്രം കാണുക). ലൈബ്രറിയുടെ പ്രവർത്തനം, ജീവനക്കാരുടെ വിവരം,

വരവുചെലവ് കണക്ക്, പുസ്തകങ്ങളുടെ സ്റ്റോക്ക് എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിപ്പണം വിനിയോഗിച്ച് മെയിന്റനൻസ് നടത്തുന്ന കെട്ടിടം അതിന്റെ ഉദ്ദേശ്യലക്ഷ്യത്തിനനുസൃതമായി പ്രവർത്തനക്ഷമമാകുന്നില്ല എന്നു ബോധ്യപ്പെട്ടു.

ഓഡിറ്റ് എൻക്വയറി നം.13/29.3.2018



## 3-14 തൊഴിലുറപ്പുപദ്ധതി - അവലോകനം

പ്രകൃതിവിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജല സംരക്ഷണം എന്നിവയാണ് തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ. ഏതാനും കുളങ്ങളുടെയും തോടുകളുടെയും നവീകരണം ഒഴിച്ചാൽ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികളോ നിലവിലുള്ള പൊതു ആസ്തികളുടെ സംരക്ഷണ പ്രവൃത്തികളോ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടില്ല. റോഡുകൾ, ഓടകൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടവയാണ്. കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ ചെറുകിട ജലസേചന തോടുകളുടെയും കനാലുകളുടെയും നിർമ്മാണം,

പുനരുദ്ധാരണം എന്നവ തൻവർഷം ചെയ്തിട്ടില്ല. തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജല സംരക്ഷണ പ്രവൃത്തികൾ എന്നിവ സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുകയാണുണ്ടായത്. പൊതുഭൂമിയിലെ ഭൂസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പല പ്രദേശങ്ങളിലും വെള്ളപ്പൊക്ക ഭീഷണിയുണ്ടെങ്കിലും വെള്ളപ്പൊക്കനിയന്ത്രണ പ്രവൃത്തികളും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ നിർവ്വഹിച്ചിട്ടില്ല.

തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളിൽ നാമമാത്രമായ സാധനഘടകം മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. തൻവർഷം ആകെ 2,46,32,481/- രൂപയുടെ പ്രവൃത്തികൾ നിർവ്വഹിച്ചതിൽ സാധനഘടകത്തിലെ ചെലവ് 74,138/- രൂപ മാത്രമാണ് (0.30%).

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2017-18 | 212,500 | നെൽകൃഷി വികസനം | 212,500 | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 63,920 | പച്ചക്കറി വികസനം | 63,920 | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300,000 | പാലിയേറ്റീവ് പരിചരണം | - | 300,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 225,000 | അംഗനവാടി പോക്ഷകാഹാരം | 225,000 | |
| ജില്ല പഞ്ചായത്ത് | 2017-18 | 200,000 | അംഗനവാടി പോക്ഷകാഹാരം | 200,000 | |
| ബ്ലോക്ക് | 2017-18 | 200,000 | ഭിന്ന ശേഷിയുള്ള | 200,000 | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | സ്കൂളിൽ പോകുന്ന കുട്ടികളുടെ സ്കോളർഷിപ്പ് | | |
| ജില്ല പഞ്ചായത്ത് | 2017-18 | 200,000 | ഭിന്ന ശേഷിയുള്ള സ്കൂളിൽ പോകുന്ന കുട്ടികളുടെ സ്കോളർഷിപ്പ് | 200,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 485,405 | എസ് സി പി പ്ലാക്കാട് പട്ടികജാതി കോലനി സൈഡ് സംരക്ഷണ ഭിത്തി | 485,405 | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500,000 | കല്ലുംപുറ കോളനി തോടിന് സൈഡ് വാൾ നിർമ്മിച്ച് സ്ലാബിട്ട് വഴിനിർമ്മാണ | 500,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400,000 | പാലിന് സബ്സീഡി | 400,000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം –
ലഭ്യമല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11011/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-99 | 29 | 150 | ശ്രീമതി. കെ ചന്ദ്രിക, പഞ്ചായത്ത സെക്രട്ടറി | 117020106795 /8.2.18 |
| 1998-99 | 3-2 | 300 | ശ്രീമതി. പ്രീതി അഗസ്റ്റിൻ | 117020106796 /8.2.18 |
| 1999-2000 | 10 | 250 | ശ്രീമതി. കെ ചന്ദ്രിക, പഞ്ചായത്ത സെക്രട്ടറി | 117020106797/ 8.2.18 |
| 1999-2000 | 11-1 | 430 | ഡയറി എക്സ്റ്റക്ഷൻ ഓഫീസർ | 117020106798/ 8.2.18 |
| 2002-03 | 2-1-2 | 66 | കെ എം ജോസഫ് | 117020106799/ 8.2.18 |
| 2003-04 | 6-a | 500 | ദേവരാജൻ നായർ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 117020106800/ 8.2.18 |
| 2016-17 | 3-4 | 9315 | സ്വപ്ന കുമാരി , ഐ സി ഡി എസ് | 117020101693/ 20.6.17 |

| | | | | |
|---|---|---|---|---|
| | | | സൂപ്പർവൈസർ | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-3 | 2007-08 | 3-8-1 | അക്ഷയ പദ്ധതി പരാജയം | ഗവ.നിർദേശം ഉണ്ടാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ അക്ഷയ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗ | സർ ചാർജ് സർട്ടി | സ്വയം അടവാക്കിയ | റവന്യൂ റിക്കവറി | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യ | അവശേഷിക്കുന്ന | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ഫിക്കറ്റ് | | തുക (രസീത് നമ്പർ/ തീയതി) | നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | | | മായ തുക | തുക/ ബാധ്യത | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 73283952 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 87254455 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1435514 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 8057 | ബിന്ദു ബി, അസി. എജിനീയർ പുല്ലമ്പളി തൊടിയിൽ, കുട്ടിക്കട പി.ഓ. കൊല്ലം |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| | | ഉദ്യോഗപ്പേരും |
| 3-4 | 250000 | ഡോ. രശ്മി<br>വെറ്ററിനറി സർജൻ |
| 3-8 | 855314 | ആഷിയോ എം ദാസ്,<br>ഐ സി ഡി എസ്<br>സൂപ്പർവൈസർ |
| 3-8 | 580200 | ബാബു സി,<br>ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|
| ആഷിയോ എം ദാസ്, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത് | ആരോമ ,കണ്ണനല്ലൂർ പി ഒ, കൊല്ലം |
| ബാബു സി, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ. എൽ പി എസ്, മൈലക്കാട് | സുധ കോട്ടേജ്, പൊൻകാര പി ഒ, കഴക്കൂട്ടം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | കെ എസ് എ-കെ എൽ<br>എം/പി5/414(5)/18, തീ 26.2.18 |

| | |
|---|---|
| 2002-03 | കെ എസ് എ-കെ എൽ എം/പി 5/414(6)/18,തീ 26.2.18 |
| 2005-06 | കെ എസ് എ-കെ എൽ എം/ പി 5/414(8)/18, തീ 26.2.18 |
| 2006-07 | എൽ എഫ് ക്യൂ പി 1/1198(12)/14 തീ 13-06-14 |
| 2007-08 | എൽ എഫ് ക്യൂ പി1/1198(13)/14 dt.13-06-14 |
| 2008-09 | എൽ എഫ് ക്യൂ പി 1/1198(14)/14 dt.13-06-14 |
| 2009-10 | എൽ എഫ് ക്യൂ പി 1/1198(15)/14 തീ.13-06-14 |
| 2010-11 | എൽ എഫ് ക്യൂ പി 1/1198(16)/14 തീ.13-06-14 |
| 2011-12 | എൽ എഫ് ക്യൂ പി 1/553/14 തീ.1-04-14 |
| 2012-13 | എൽ എഫ് ക്യൂ പി 1/879/14 തീ.23-03-15 |
| 2013-14, 2014-15 | കെ എസ് എ-കെ എൽ എം/ പി 1/508/16, തീ 4.4.16 |
| 2015-16 | കെ എസ് എ-കെ എൽ എം/ പി 8/1901/16, തീ 31.12.16 |
| 2016-17 | കെ എസ് എ-കെ എൽ എം/ പി 5/1244/17, തീ 10.7.17/31.7.17 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

.

## 4-11 ഓഡിറ്റ് സാക്ഷ്യപ്രതം

കെ.എസ്.എ. കെ.എൽ.എം - പി5 1844/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി 11-3-2019

## സാക്ഷ്യപത്രം 2017-18

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജാ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക, വരവ്ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം